# ടി.ടി.ഐ. പി.പി.ടി.ടി.ഐ.
# കലോത്സവ മാന്വൽ

കേരള സർക്കാർ

പൊതുവിദ്യാഭ്യാസവകുപ്പ്

# ആമുഖം

കേരളത്തിലെ ടി.ടി.ഐ., പി.പി.ടി.ടി.ഐ. വിദ്യാർത്ഥിക ളുടെ കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് വേണ്ടി ടി.ടി.ഐ., പി.പി.ടി.ടി.ഐ. കലോത്സവം വർഷം തോറും സ്കൂൾ കലോത്സവത്തോടൊപ്പം നടത്തിവരുന്നു. ഇത് കാലോചിതമായി പരിഷ്കരിക്കണമെന്ന അഭിപ്രായങ്ങൾ ഡിപ്പാർട്ട്മെന്റ് ഗൗരവമായി കണക്കാക്കുകയും അതിനുള്ള ശ്രമം ആരംഭിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച് ധാരാളം നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ലഭിക്കുകയുണ്ടായി. അതിന്റെ വെളിച്ചത്തിൽ ടി.ടി.ഐ., പി.പി.ടി.ടി.ഐ. കലോത്സവം ദേശീയ അദ്ധ്യാപകദിനത്തോടനുബന്ധിച്ച് നടത്തുന്നതാണ് ഉചിതമെന്ന് തോന്നുകയും പ്രസ്തുത കലോത്സവം അദ്ധ്യാപകദിനത്തിൽ നടത്താൻ തീരുമാനിക്കുകയും ചെയ്തു. പൊതു വിദ്യാഭ്യാസ വകുപ്പു തയ്യാറാക്കിയ ടി.ടി.ഐ./പി.പി.ടി.ടി.ഐ. കലോത്സവ മാനുവൽ ഗവ.നം. 40351/എൻ3/06/പൊ.വി. തീയതി 17.8.2006 പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

സ്കൂൾ കലോത്സവത്തോടൊപ്പം നടത്തുമ്പോൾ വേണ്ടത്ര പ്രാധാന്യം ടി.ടി.ഐ., പി.പി.ടി.ടി.ഐ. കലോത്സവത്തിന് ലഭിക്കുന്നില്ല എന്ന പരാതിക്ക് ഒരു പരിഹാരമാവുകയും ചെയ്യും. ഈ സംരംഭത്തിന് വിവിധ വ്യക്തികളിൽ നിന്നും വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച ഉപദേശ നിർദ്ദേശങ്ങൾക്ക് ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു.

തിരുവനന്തപുരം, എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്.
28.6.2008. പൊതുവിദ്യാഭ്യാസ ഡയറക്ടർ

# ടി.ടി.ഐ. പി.പി.ടി.ടി.ഐ. കലോത്സവ മാനുവൽ

ടി.ടി.ഐ., പി.പി.ടി.ടി.ഐ. കലോത്സവങ്ങൾ സ്കൂൾ കലോത്സവത്തിൽ നിന്നും വേർപ്പെടുത്തി 2008-09 അദ്ധ്യയന വർഷം മുതൽ ദേശീയ അദ്ധ്യാപകദിനാഘോഷത്തോടനുബന്ധിച്ച് നടത്തുവാൻ തീരുമാനിച്ചു.

താഴെ പറയുന്ന ഇനങ്ങളാണ് ടി.ടി.ഐ., പി.പി.ടി.ടി.ഐ. മത്സരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

വിഭാഗം ഒന്ന്

| | | | | |
|---|---|---|---|---|
| 1. | കഥാരചന | സമയം | 120 | മിനിറ്റ് |
| 2. | കവിതാരചന | " | 120 | " |
| 3. | പ്രബന്ധരചന മലയാളം | " | 60 | " |
| 4. | ചിത്രരചന പെൻസിൽ | " | 60 | " |
| 5. | ചിത്രരചന ജലച്ഛായം | " | 120 | " |

വിഭാഗം രണ്ട്

| | | | | |
|---|---|---|---|---|
| 6. | ലളിതഗാനം | " | 5 | " |
| 7. | മാപ്പിളപ്പാട്ട് | " | 5 | " |
| 8. | പദ്യംചൊല്ലൽ മലയാളം | " | 5 | " |
| 9. | മോണോ ആക്ട് | " | 5 | " |
| 10. | പ്രസംഗം മലയാളം | " | 5 | " |
| 11. | പ്രഭാഷണം മലയാളം | " | 10 | " |
| 12. | സംഘഗാനം 7 പേർ | " | 10 | " |

1. ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും വെവ്വേറെ മത്സരം ഉണ്ടായിരിക്കുന്നതല്ല. റവന്യൂ ജില്ലാ മത്സരത്തിന് 1 മുതൽ 11 വരെയുള്ള ഇനങ്ങൾക്ക് 1 കുട്ടിവീതവും 12-ാം ഇനമായ സംഘഗാനവും അയ

ക്കാവുന്നതാണ്. ഒരു കുട്ടിക്ക് വ്യക്തിഗത ഇനങ്ങളിൽ പരമാവധി 5 ഇനങ്ങളിൽ പങ്കെടുക്കാം.

2. വിഭാഗം ഒന്നിലെ ഇനങ്ങൾ റവന്യൂ ജില്ലാതലത്തിൽ നടത്തി അതിൽ ഏറ്റവും സ്കോർ ലഭിച്ച ഓരോന്നിനും രണ്ട് രചനകൾ വീതം തെരഞ്ഞെടുത്ത് സംസ്ഥാനതലത്തിലേക്ക് എത്തിക്കുക. അവിടെ മൂല്യനിർണ്ണയം നടത്തി ഏറ്റവും കൂടുതൽ സ്കോർ ലഭിക്കുന്ന മൂന്ന് പേർക്ക് സമ്മാനം നൽകുന്നതാണ്.

3. വിഭാഗം രണ്ടിലെ മത്സരങ്ങൾ റവന്യൂ ജില്ലാതലത്തിൽ നടത്തി 'എ' ഗ്രേഡോടുകൂടി ഏറ്റവും കൂടുതൽ സ്കോർ നേടിയ ഒരു കുട്ടിയെ/ടീമിനെവീതം തെരഞ്ഞെടുത്ത് സംസ്ഥാനതല മത്സരത്തിന് അയയ്ക്കേണ്ടതാണ്.

4. സംസ്ഥാനതല മത്സരത്തിന് ഏറ്റവും കൂടുതൽ സ്കോർ നേടുന്ന മൂന്ന് മത്സരാർത്ഥികൾക്ക് 1000 രൂപ, 800 രൂപ, 600 രൂപ ക്രമത്തിൽ ക്യാഷ് അവാർഡും, മെരിറ്റ് സർട്ടിഫിക്കറ്റും നൽകുന്നതാണ്.

5. റവന്യൂ ജില്ലാ മത്സരങ്ങൾ അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ എല്ലാ വർഷവും ആഗസ്റ്റ് മാസം 25-ാം തീയതിക്കകം നടത്തേണ്ടതാണ്. രചനാ മത്സരങ്ങൾ നടത്തേണ്ട തീയതിയും, സമയവും, വിഷയവും വിദ്യാഭ്യാസ ഡയറക്ടർ കാലേക്കൂട്ടി അറിയിക്കുന്നതാണ്.

6. സ്കൂളിൽനിന്നും റവന്യൂ ജില്ലാ മത്സരത്തിനുള്ള എൻട്രികൾ നിശ്ചിത ഫ്ളോപ്പിയിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകേണ്ടതാണ്.

7. മത്സരഫലത്തെക്കുറിച്ചുള്ള അപ്പീലുകൾ ഫലപ്രഖ്യാപനം നടത്തി ഒരു മണിക്കൂറിനുള്ളിൽ 500 രൂപ ഫീസൊടുക്കി ഡെപ്യൂട്ടി ഡയറക്ടർക്കും നിശ്ചിത ഫോറത്തിൽ മത്സരാർത്ഥി നൽകേണ്ടതാണ്. അപ്പീൽ തീർപ്പ് അനുകൂലമായാലും പ്രതികൂലമായാലും അപ്പീൽ ഫീസ് തിരിച്ചുനൽകുന്നതല്ല.

8. വിധിനിർണ്ണയത്തിന് അതാത് വിഷയങ്ങളിൽ പ്രാവീണ്യം നേടിയവരെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിശ്ചയിക്കേണ്ടതാണ്.

9. റവന്യൂ ജില്ലാതല മത്സര നടത്തിപ്പിനുള്ള ഫണ്ട് വിഭവസമാഹാരത്തിലൂടെ വിദ്യാഭ്യാസ ഉപഡയറക്ടർ സമാഹരിക്കേണ്ടതാണ്. വരവ് ചെലവ് കണക്ക് മത്സരം കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ സ്വാഗതസംഘം ചേർന്ന് പാസ്സാക്കേണ്ടതാണ്.

10. മത്സരനടത്തിപ്പിന് ജില്ലയിലെ എം.പി.മാർ, എം.എൽ.എമാർ ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, അദ്ധ്യാപകസംഘടനാ പ്രതിനിധികൾ, ടി.ടി.ഐ., പി.പി.ടി.ടി.ഐ. പ്രധാന അദ്ധ്യാപകർ, മാനേജർമാർ പി..ടി.എ. അംഗങ്ങൾ കലാ സാഹിത്യരംഗത്തെ പ്രമുഖർ എന്നിവർ ചേർന്നുള്ള വിപുലമായ സ്വാഗതസംഘം രൂപീകരിച്ച് ഭംഗിയായി നടത്തേണ്ടതാണ്.

11. ഗവൺമെന്റ് /എയ്ഡഡ്/അൺഎയിഡഡ് (അംഗീകൃതം) എന്നീ ടി.ടി.ഐ., പി.പി.ടി.ടി.ഐ. സ്ഥാപനങ്ങളിലെ കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

12. സംസ്ഥാന - റവന്യൂ ജില്ലാ മത്സരത്തിൽ ജില്ലക്കും, സ്കൂളിനും താഴെ പറയുന്ന വിധത്തിൽ പോയിന്റ് കണക്കാക്കേണ്ടതാണ്.

| | | |
|---|---|---|
| '5 ന് മുകളിൽ | എ ഗ്രേഡ് | 9 പോയിന്റ് |
| 60 മുതൽ 74 വരെ | ബി ,, | 7 ,, |
| 45 മുതൽ 59 വരെ | സി ,, | 5 ,, |
| 30 മുതൽ 44 വരെ | ഡി ,, | 3 ,, |
| 30 ന് താഴെ | ഇ ,, | 1 ,, |

13. അപമര്യാദയായും, അച്ചടക്കമില്ലാതെയും പ്രകോപനപരമായും പ്രവർത്തിച്ചു കലോത്സവം അലങ്കോലമാക്കുവാൻ ശ്രമിക്കുന്ന വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്കെതിരെ ഉചിതമായ ശിക്ഷാനടപടി കൈക്കൊള്ളേണ്ടതും അതിനായി പ്രത്യേകമായ അച്ചടക്ക സമിതി ഉണ്ടായിരിക്കേണ്ടതുമാണ്.

14. സംസ്ഥാനതല മത്സരങ്ങൾ ദേശീയ അദ്ധ്യാപക ദിനാചരണത്തോടനുബന്ധിച്ച് നിലവിലുള്ള കേരളാ സ്കൂൾ കലോത്സവ മാനുവലിലെ നിബന്ധനകൾക്കനുസൃതമായി നടത്തുന്നതാണ്.